എസി.എച്ച് 19/09/2025

## നിർദേശങ്ങൾ

# കേരള സർവകലാശാല

## ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം-2025

## സ്പോട്ട് അലോട്ട്മെന്റ്

**കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/ എയ്ഡഡ്/ സ്വാശ്രയ/ യു.ഐ.റ്റി./ ഐ.എച്ച്.ആർ.ഡി. കോളേജുകളിലെ ഒന്നാം വർഷ ബിരുദാനന്തര ബിരുദ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് സെപ്റ്റംബർ 23 ന് പാളയം കേരള സർവകലാശാല സെനറ്റ് ഹാളിൽ വച്ച് സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു.**

നിലവിൽ രജിസ്ട്രേഷൻ ചെയ്യാത്ത വിദ്യാർത്ഥികൾക്ക് 19.09.2025 വരെ അഡ്മിഷൻ വെബ് സൈറ്റിൽ ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യാവുന്നതാണ്.

നിലവിൽ ഏതെങ്കിലും കോളേജിൽ അഡ്മിഷനിൽ തുടരുന്ന വിദ്യാർത്ഥികളെ ഈ സ്പോട്ട്അലോട്ട്മെന്റിലേക്ക് പരിഗണിക്കുന്നതല്ല.

സ്പോട്ട് രജിസ്ട്രേഷൻ സമയം രാവിലെ 8.30 മുതൽ 10 മണി വരെ. വിദ്യാർത്ഥികൾ അപേക്ഷയുടെ പ്രിന്റൗട്ടുമായി സർവകലാശാല സെനറ്റ് ഹാളിൽ രാവിലെ 10 മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. ടി സമയം കഴിഞ്ഞു വരുന്നവരെ നിർദിഷ്ട സമയത്തിനുള്ളിൽ ഹാജരായ വിദ്യാർത്ഥികളെ പരിഗണിച്ച ശേഷം മാത്രമേ പരിഗണിക്കുകയുള്ളൂ. അലോട്ട്മെന്റ് സെന്ററുകളിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു. ഏതെങ്കിലും കാരണത്താൽ നേരിട്ട് ഹാജാരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് സാക്ഷ്യ പത്രം (Authorization Letter) നൽകി പ്രതിനിധിയെ അയക്കാവുന്നതാണ്.

സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യതയും (Degree Marklist/) , ടി. സിയും, സ്പെഷ്യൽ വെയിറ്റേജും (NSS,NCC), Medical Board Certificate/Permanant Disability Card for PWD candidates) തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സൽ/പകർപ്പുകൾ ഉണ്ടായിരിക്കണം. ഇതര സർവകലാശാലകളിൽ നിന്നും യോഗ്യത ഡിഗ്രി പൂർത്തിയാക്കിയ

വിദ്യാർഥികൾ പ്രസ്തുത പി ജി കോഴ്സ് പഠനത്തിന് കേരള സർവകലാശാല അംഗീകരിച്ചിട്ടുണ്ട് എന്ന് തെളിയിക്കുന്ന **യോഗ്യതാ/ തുല്യത സർട്ടിഫിക്കറ്റിന്റെ** (Equivalency / Eligibility Certificate) അസ്സൽ/ പകർപ്പ് ഹാജരാക്കേണ്ടതാണ്.

സ്പോട്ട് അലോട്ട്മെന്റിൽ കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. **ഇതു വരെ അഡ്മിഷൻ ഫീ അടയ്ക്കാത്ത വിദ്യാർത്ഥികൾക്ക് സ്പോട്ട് അലോട്ട്മെന്റിൽ അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസിനത്തിൽ** (എസ്.ടി/എസ്.സി/OEC വിഭാഗങ്ങൾക്ക് 200/- **രൂപ, ജനറൽ മറ്റ് സംവരണ വിഭാഗങ്ങൾക്ക്** 1430/- **രൂപ) അടയ്ക്കേണ്ടതാണ്.** ഇതിനായി പ്രത്യേക സമയം അനുവദിക്കുന്നതല്ല. മുൻപ് യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അടച്ചവർ പ്രസ്തുത പേയ്മെന്റ് രസീതിന്റെ കോപ്പി കൈയിൽ കരുതേണ്ടതാണ്.

വിശദ വിവരങ്ങൾക്ക് സർവകലാശാല വെബ് സൈറ്റിൽ (https://admissions.keralauniversity.ac.in/pg2025) സന്ദർശിക്കുക.